കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

ആറാം സമ്മേളനം

2003 ജൂൺ 27, വെള്ളി

വാല്യം119] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ: 10

നിയമസഭ 2003 ജൂൺ മാസം 27-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. സുന്ദരൻ നാടാരുടെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. ഡെ. സ്പീക്കർ : ഓർഡർ..... ഓർഡർ ..... ചോദ്യം നമ്പർ 268.

സ്വാശ്രയ സ്കൂളുകളിലെ ഫീസ് ഈടാക്കൽ

1(*268) ശ്രീ. വി. ഡി. സതീശൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. ഡി. സുഗതൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളിൽനിന്നും പന്ത്രണ്ട് മാസവും ഫീസ് ഈടാക്കുവാൻ അനുവദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് എന്തടിസ്ഥാനത്തിലാണെന്ന് പറയുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ,

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഡി. സതീശൻ: സർ, സ്വാശ്രയ സ്കൂളുകളിലെ ഫീസ് നിരക്ക് ഏകീകരിക്കുന്നതു സംബന്ധിച്ച് ഈ സർക്കാർ സ്വാശ്രയ സ്കൂളുകളിലെ മാനേജുമെന്റുകൾക്ക് എന്തെങ്കിലും നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഡീറ്റെയിൽസ് വെളിപ്പെടുത്താമോ ?

ശ്രീ. നാലകത്ത് സൂപ്പി : സർ, സംസ്ഥാനത്തെ സ്വാശ്രയ സ്കൂളുകളെ സംബന്ധിച്ചിടത്തോളം ഫീസ് ഏകീകരിച്ച് വാങ്ങുന്നതിന് ഗവണ്മെന്റ് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കെ.ഇ.ആർ. അദ്ധ്യായം 12, റൂൾ 29 അനുസരിച്ചാണ് നിർദ്ദേശം. ഇതനുസരിച്ച് ഒന്നു മുതൽ 7 വരെ ക്ലാസ്സുകൾക്ക് ആയിരം രൂപയും 8 മുതൽ 10-ാം ക്ളാസ്സുവരെ 1500 രൂപയും ട്യൂഷൻ ഫീസ് ഈടാക്കുന്നതാണ്. ഇതിനു പുറമേ ട്യൂഷൻ ഫീസിന്റെ മൂന്നിലൊന്ന് സ്പെഷ്യൽ ഫീസായി ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാത്രമല്ല 23-5-2003-ലെ ജി.ഒ. പ്രകാരം സ്വാശ്രയ ഹയർസെക്കന്ററി സ്കൂളുകളുടെ ട്യൂഷൻ ഫീസും മറ്റ് ഫീസുകളും പിരിക്കുന്നതിന് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. വി. ഡി. സതീശൻ : സർ, ഫീസിന്റെ കാര്യത്തിൽ നിർദ്ദേശങ്ങൾ കൊടുത്തിട്ടുള്ളതുപോലെ കേരള എഡ്യൂക്കേഷൻ റൂൾസിൽ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകളുമായി ബന്ധപ്പെട്ട് കെ.ഇ.ആർ.-ൽ ഒരു പ്രൊവിഷനുണ്ട് ; ആ പ്രൊവിഷന്റെ പെർവ്യൂവിൽ സ്വാശ്രയ സ്കൂളുകൾ പെടുമോ എന്നാണ് എന്റെ ചോദ്യം. അതുപോലെ തന്നെ കെ.ഇ.ആർ.ന്റെ എല്ലാ പ്രൊവിഷൻസും മറ്റ് എയ്ഡഡ് സ്കൂളുകളിൽ സർക്കാർ സ്കൂളുകളിൽ ബാധകമാക്കുന്നതുപോലെ സ്വാശ്രയ സ്കൂളുകൾക്കും ബാധകമാണോ ?

ശ്രീ. നാലകത്ത് സൂപ്പി : സർ, കെ.ഇ.ആർ.-ലെ സെക്ഷൻ 19 അനുസരിച്ച് എയ്ഡഡ് സ്കൂളുകൾക്ക് ബാധകമായ എല്ലാ പ്രൊവിഷൻസും അൺ എയ്ഡഡ് സ്വാശ്രയ സ്കൂളുകൾക്കും ബാധകമാണ്. അതുപോലെതന്നെ കെ.ഇ.ആർ. 14(എ) പ്രകാരം അംഗീകൃത അൺ എയ്ഡഡ് വിദ്യാലയങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങളെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റ് വ്യക്തമായ നിർദ്ദേശം കൊടുക്കുന്നുണ്ട്.

പ്രൊഫ. എ. ഡി. മുസ്തഫ : സർ, സ്വാശ്രയ സ്കൂളുകളിൽ 12 മാസവും ഫീസ് ഈടാക്കാൻ അനുവദിച്ചിട്ടില്ല എന്ന് അങ്ങ് പറയുകയുണ്ടായി. പക്ഷേ 12 മാസവും ഫീസ് ഈടാക്കുന്ന സ്കൂളുകൾ ധാരാളമുണ്ട്. അത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനെതിരെ നടപടി സ്വീകരിക്കുമോ ?

ശ്രീ. നാലകത്ത് സൂപ്പി : സർ, ഒരിക്കലും 12 മാസം ഫീസ് ഈടാക്കാൻ പാടില്ലാത്തതാണ്. 10 മാസം മാത്രമേ ഫീസ് ഈടാക്കാവൂ. അദ്ധ്യയന വർഷം എന്ന് കണക്കാക്കിയിട്ടുള്ളത് 10 മാസമാണ്. ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കെ.ഇ.ആർ. അനുസരിച്ചുതന്നെ നടപടി എടുക്കുന്നതാണ്.

പ്രൊഫ. എ. ഡി. മുസ്തഫ : സർ, ഫീസ് ഏകീകരണത്തെക്കുറിച്ച് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. ഫീസ് ഏകീകരണത്തിന്റെ കാര്യത്തിലും അദ്ധ്യാപക-അനദ്ധ്യാപകരുടെ ശമ്പളത്തിന്റെ കാര്യത്തിലുമൊക്കെ പല സ്കൂളുകളും വ്യത്യസ്തമായിട്ടാണ് നീങ്ങുന്നത്. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. നാലകത്ത് സൂപ്പി : സർ, ചില പരാതികൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് അന്വേഷിക്കുന്നതിന് ഡി.പി.ഐ.-യെ ചുമതലപ്പെടുത്തുകയും അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ഡി. സുഗതൻ : സർ, സ്വാശ്രയ സ്കൂളുകളിലെ വിദ്യാർത്ഥികളിൽ നിന്നും അമിതമായും അനധികൃതമായും ഫീസ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് തടയുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ശ്രീ. നാലകത്ത് സൂപ്പി : സർ, ഇപ്പോൾത്തന്നെ കെ.ഇ.ആർ. അനുസരിച്ച് (ചാപ്റ്റർ-5, റൂൾ 22 അനുസരിച്ച്) അമിത ഫീസ് ഈടാക്കുന്ന മാനേജർമാരുടെ പേരിൽ നിയമ നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥയുണ്ട്. പക്ഷേ ഒരു പ്രശ്നം അധിക ഫീസ് വാങ്ങുന്നത് സംബന്ധിച്ച്-ക്യാപിറ്റേഷൻ ഫീസ്, അദർ ഫീസ് എന്നുള്ള രീതിയിൽ വാങ്ങുന്നു-എന്ന പരാതി നേരിട്ട് വന്ന് പറയുന്നു എന്നല്ലാതെ രേഖാമൂലം വ്യക്തമായി എഴുതി തരാൻ ആരും തയ്യാറാകുന്നില്ല. അതാണ് നടപടി എടുക്കുന്നതിന് ഒരു തടസ്സമായി നിൽക്കുന്നത്.

ശ്രീ. ഡി. സുഗതൻ : സർ, സ്വാശ്രയ സ്കൂളുകളിൽ പിന്നോക്ക-ദളിത് വിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ ; അവർക്ക് ഫീസ് ഇളവുകൾ കൊടുക്കുന്നുണ്ടോ ; ഇല്ലെങ്കിൽ അവർക്ക് ആനുകൂല്യങ്ങൾ ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. നാലകത്ത് സൂപ്പി : സർ, ആ കാര്യത്തിൽ ഇതുവരെ വ്യക്തമായ നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല ; പരിശോധിക്കേണ്ട ഒരു കാര്യമാണ്.

ശ്രീ. എൻ. ശക്തൻ : സർ, സ്വാശ്രയ സ്കൂളുകളിൽ ഫീസിനു പുറമേ അഡ്മിഷൻ സമയത്ത് സംഭാവനയായും ബിൽഡിംഗ് ഫണ്ടായും വൻ തുക വാങ്ങുന്നുണ്ട്. അത് തടയുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. നാലകത്ത് സൂപ്പി : സർ, അത് തടയുന്നതിനുള്ള നടപടിയാണ് ഇപ്പോൾ പറഞ്ഞത്. പരിശോധിക്കാം. ഈ വർഷം വിദ്യാലയങ്ങളിൽ പരിശോധനയ്ക്കുവേണ്ടി ഒരു സ്കാഡിനെ നിശ്ചയിക്കാൻ തീരുമാനിച്ചു. അതാത് ഡി.ഇ.ഒ. മാർ നിർദ്ദേശിക്കുന്ന ഒരു എ.ഇ.ഒ. തുടങ്ങി ഹയർ സെക്കന്ററി റീജിയണൽ ഡയറക്ടർ കൂടി അടങ്ങുന്ന ഒരു ടീം ഓരോ ഭാഗത്തും പരിശോധന നടത്തണമെന്ന് ഈ വർഷം ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീ. എൻ. ശക്തൻ : സർ, നമ്മുടെ സംസ്ഥാനത്ത് എത്ര സ്വാശ്രയ സ്കൂളുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ; ജില്ല തിരിച്ചുള്ള കണക്ക് പറയുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്ത് സൂപ്പി : സർ, അൺ എയ്ഡഡ്, അൺ റെക്കഗ്നൈസ്ഡ് സ്കൂളുകൾ നമ്മുടെ സംസ്ഥാനത്ത് 1450 ആണ്. അൺ എയ്ഡഡ്, അൺ റെക്കഗ്നൈസ്ഡ് സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., സ്കൂളുകൾ അതിനു പുറമെയുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് പ്രത്യേകമായി മേശപ്പുറത്ത് വയ്ക്കാം.

ശ്രീ. എ. സുജനപാൽ : സർ, സ്വാശ്രയ സ്കൂളുകളുടെ അക്കാഡമിക് നിലവാരത്തെ സംബന്ധിച്ച് ഗവൺമെന്റ് വല്ല പരിശോധനയും നടത്തിയിട്ടുണ്ടോ ; അതിന് വല്ല സംവിധാനവും ഏർപ്പെടുത്താൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. നാലകത്ത് സൂപ്പി : സർ, ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചത് വളരെ പ്രസക്തമാണ്. സ്വാശ്രയ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ 10-ാം ക്ളാസ് പരീക്ഷയുടെ റിസൽറ്റ് പരിശോധിച്ചപ്പോൾ ഏറ്റവും നല്ല റിസൽറ്റ് എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്കാണ്. പ്ളസ് ടു കഴിഞ്ഞിട്ട് എൻട്രൻസ് കഴിഞ്ഞപ്പോൾ ഈ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് ഉദ്ദേശിച്ച രീതിയിലുള്ള പെർഫോമൻസ് ഉണ്ടാക്കാൻ സാധിച്ചില്ല ; എന്നാൽ സി.ബി.എസ്.ഇ.യിലും, ഐ.സി.എസ്.ഇ.യിലും പഠിച്ച കുട്ടികൾക്കാണ് ഏറ്റവും നല്ല റാങ്ക് വന്നത്. ഇത് കാണിക്കുന്നത് എസ്.എസ്.എൽ.സി. പരീക്ഷ വരെ വളരെ നന്നായി പഠിപ്പിച്ച് എണ്ണം കണക്കാക്കി അഡ്മിഷൻ നടത്തുകയും പ്രത്യേകമായി കോച്ചിംഗ് കൊടുത്തതുകൊണ്ട് അവരെ എസ്.എസ്.എൽ.സി.-യ്ക്ക് നല്ല മാർക്കു വാങ്ങാൻ പ്രാപ്തരാക്കുകയും ചെയ്തു. അതുകഴിഞ്ഞ് തുടർന്നുള്ള പഠനത്തിൽ, ഹയർസെക്കന്ററി വന്നപ്പോൾ മൊത്തത്തിൽ നിലവാരം കുറഞ്ഞതായിട്ടുള്ള അനുഭവമാണ് കാണുന്നത്. അതുസംബന്ധിച്ച് പരിശോധിച്ച് ഡിപ്പാർട്ടുമെന്റ് ഒരു അന്വേഷണം നടത്തുകയും എല്ലായിടത്തും നിലവാരം ഉയർത്തുന്നതിനുവേണ്ടി..... ഖ്യാതി നേടുന്നുണ്ട് എങ്കിൽപ്പോലും പരിശോധിച്ചാൽ വലിയൊരു അപാകത കണ്ടെത്തിയിട്ടുണ്ട് ; അത് പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ സമിതി ആലോചിക്കുന്നുണ്ട്.

ശ്രീ. എ. സുജനപാൽ : സർ, സ്വാശ്രയ സ്കൂളുകളിലെ അദ്ധ്യാപകരുടേയും ജീവനക്കാരുടേയും സേവന-വേതന വ്യവസ്ഥകൾക്ക് കെ.ഇ.ആർ.-ലെ നിയമങ്ങൾ ബാധകമല്ല എന്നാണ് മനസ്സിലാക്കുന്നത്. അവരുടെ സേവന-വേതന വ്യവസ്ഥകളെ സംബന്ധിച്ച് ഗവണ്മെന്റ് വല്ല നടപടികളും സ്വീകരിക്കുന്നുണ്ടോ ; ആ നടപടികൾ നടപ്പിലാക്കാൻവേണ്ടി വല്ല നിർദ്ദേശവും നൽകുന്നുണ്ടോ ?

ശ്രീ. നാലകത്ത് സൂപ്പി : സർ, അൺ എയ്ഡഡ് സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം കെ.ഇ.ആർ. വ്യവസ്ഥകൾ ബാധകമാണ്. ഞാൻ നേരത്തേ പറഞ്ഞു, ചാപ്റ്റർ 14 .എ.(എ) പ്രകാരം ടീച്ചിംഗ് സ്റ്റാഫിന്റേയും നോൺ ടീച്ചിംഗ് സ്റ്റാഫിന്റേയും കാര്യങ്ങൾ സംബന്ധിച്ച വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ട്. 30-9-1999-ലാണ് ഇതുമായി ബന്ധപ്പെട്ട ഉത്തരവ് ഇറക്കിയത്.

അതുപോലെ 14 എ(2) അനുസരിച്ച് അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും ശമ്പളം കൊടുക്കുന്നത് ചെക്ക് മുഖേന വേണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പക്ഷേ അത് ആരും പാലിക്കുന്നില്ല. അതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന സ്കൂളുകളുടെ മാനേജുമെന്റുകൾക്കെതിരായി നടപടി എടുക്കാനും അംഗീകാരം പിൻവലിക്കാനും ഉള്ള വ്യവസ്ഥ നിലവിലുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, സ്വാശ്രയ സ്കൂളുകൾ നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ ഒരു പ്രധാനപ്പെട്ട ബിസിനസ്സായി മാറിയിരിക്കുകയാണ്. ഓരോ ക്ലാസ്സിലേയ്ക്കും തോന്നുന്നതുപോലെ ഫീസ് ഈടാക്കാമെന്ന വിധത്തിലാണ് പല സ്വാശ്രയ സ്കൂൾ മാനേജുമെന്റുകളും പ്രവർത്തിച്ചുക്കൊണ്ടിരിക്കുന്നത്. സ്വാശ്രയ ഹയർസെക്കന്ററി സ്കൂളുകളിൽ ഗവണ്മെന്റ് തന്നെ പ്രഖ്യാപിച്ചിരിക്കുന്നത് പ്രതിമാസം 500 രൂപാ വീതം ഫീസ് വാങ്ങാമെന്നാണ്. അമിതമായി ഫീസ് വാങ്ങുന്നതിനുവേണ്ടി ഗവണ്മെന്റുതന്നെ പ്രോത്സാഹനം കൊടുക്കുകയും പ്രീ-ഡിഗ്രി വിദ്യാഭ്യാസം സൗജന്യമായി പ്രഖ്യാപിച്ച ഒരു സംസ്ഥാനത്ത് 500 രൂപ പ്രതിമാസം വാങ്ങാമെന്ന് പറയുകയും ചെയ്യുന്ന ഒരു വ്യവസ്ഥ സംസ്ഥാന ഗവണ്മെന്റ് ഏർപ്പെടുത്തിയത് കേരളത്തിൽ വിദ്യാഭ്യാസ കച്ചവടക്കാർക്ക് അനുകൂലമായിട്ടുള്ള ഒരു സമീപനം സ്വീകരിക്കുന്നതിന്റെ ഭാഗമായിട്ടല്ലേ, വൻതുക ഫീസ് ഈടാക്കുന്നതിന് ഗവൺമെന്റ് കൂട്ട് നിൽക്കുകയല്ലേ ചെയ്യുന്നത് ?

ശ്രീ. നാലകത്ത് സൂപ്പി : സർ, കേരളത്തിലെ വിദ്യാഭ്യാസ കച്ചവടക്കാർക്ക് അനുകൂലമായ നിലപാടെടുത്തതല്ല. മറിച്ച് എസ്.എസ്.എൽ.സി. പാസ്സായി വരുന്ന വിദ്യാർത്ഥികൾക്ക് ഹയർ സെക്കന്ററി പഠിക്കുവാനുള്ള അവസരം സൃഷ്ടിച്ചതാണ്. ഗവൺമെന്റ് ഉടമയിൽ എയ്ഡഡ് മേഖലയിൽ അധികമായി +2 സ്കൂളുകൾ അനുവദിക്കാൻ പറ്റാത്ത സാഹചര്യം നിലനിൽക്കുന്നതു കൊണ്ടാണ് കഴിഞ്ഞവർഷം ഗവൺമെന്റ് ഒരു പുതിയ പോളിസി എന്ന നിലയ്ക്ക് അൺ എയ്ഡഡ് മേഖലയിൽ +2 സ്കൂളുകൾ അനുവദിക്കാൻ തീരുമാനിച്ചത്. അങ്ങനെ 327 സ്കൂളുകളാണ് അനുവദിച്ചത്. 10 എണ്ണം ഒഴികെ ബാക്കിയുള്ള സ്കൂളുകൾ വളരെ ഭംഗിയായി നടക്കുന്നു. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ അവിടങ്ങളിൽ അമിതമായ ഫീസ് വാങ്ങുന്നു. ഗവൺമെന്റ് കൊടുത്ത നിർദ്ദേശത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെപ്പറ്റി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഞാൻ ആദ്യം പറഞ്ഞതുപോലെ തന്നെ അറിവിൽപ്പെടുന്നുവെങ്കിൽപ്പോലും നടപടിയെടുക്കുന്നതിന് ആവശ്യമായ രീതിയിലുള്ള പരാതിയൊന്നും ഗവൺമെന്റിന് കിട്ടാറില്ല.

ശ്രീ. കെ. എ. ചന്ദ്രൻ : സർ, ഹയർ സെക്കന്ററി പരീക്ഷയിൽ ഒരു വിഷയത്തിന് തോറ്റ കുട്ടികൾക്ക് Save a year പദ്ധതി നടപ്പിലാക്കിയത് എന്തുകൊണ്ടും ഉചിതമായി. പക്ഷേ, 'സേ' പദ്ധതിയനുസരിച്ചുള്ള പരീക്ഷ എഴുതിയ കുട്ടികളുടെ റിസൽറ്റ് വരുന്നതിനു മുമ്പുതന്നെ ഡിഗ്രി കോഴ്സിനുള്ള അപേക്ഷ ക്ഷണിച്ച് നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. അതുകൊണ്ട് ആ പരീക്ഷയിൽ ജയിച്ച കുട്ടികൾക്ക് ഡിഗ്രി കോഴ്സിന് ചേരാൻ തക്കവണ്ണമുള്ള ഏർപ്പാട് ചെയ്യുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്ത് സൂപ്പി : സർ, 'സേ' പരീക്ഷ പാസ്സായ കുട്ടികൾക്ക്കൂടി ഡിഗ്രിക്ക് അപേക്ഷിക്കുവാനുള്ള അവസരം കൊടുക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. ടി. കെ. ദേവകുമാർ : സർ, കേരള സംസ്ഥാനത്ത് ഇപ്പോൾ എത്ര സ്വാശ്രയ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് എന്നതു സംബന്ധിച്ച് എന്തെങ്കിലും ഒരു കണക്ക് സർക്കാരിന്റെ കൈയിലുണ്ടോ ? ഉണ്ടെങ്കിൽ അത് സഭയുടെ മുമ്പിൽ വയ്ക്കുമോ ? ഇവിടെ വച്ചതാണ് കണക്കെങ്കിൽ ആ കണക്കിന്റെ ആധികാരികത എന്ത് എന്നതാണ് എനിക്ക് മനസ്സിലാകേണ്ടത് കാരണം സ്വാശ്രയ സ്കൂളുകളിൽ പലതും ഒരു തരത്തിലും സർക്കാരിൽ രജിസ്റ്റർ ചെയ്തിട്ടില്ല. അങ്ങനെ രജിസ്റ്റർ ചെയ്യാത്ത സ്കൂളുകളെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടാണോ അങ്ങ് ഇങ്ങനെയൊരു കണക്ക് ഇവിടെ അവതരിപ്പിച്ചത് ?

ശ്രീ. നാലകത്ത് സൂപ്പി : സർ, അൺ എയ്ഡഡ് റെക്കഗ്നൈസ്ഡ് സ്കൂളുകൾ 500 ആണെന്നു പറഞ്ഞു. ഡിപ്പാർട്ടുമെന്റിന്റെ കണക്ക് ഗവൺമെന്റിന്റെ കൈയിലുണ്ട്. അംഗീകാരം ഇതുവരെ നൽകിയിട്ടില്ലാത്ത 1450 സ്കൂളുകളുണ്ട്. അവയെപ്പറ്റി വിദ്യാഭ്യാസവകുപ്പ് പഠനം നടത്തി റിപ്പോർട്ട് ശേഖരിച്ചു. ആ റിപ്പോർട്ട് കൈയിലുണ്ട്. അത് മേശപ്പുറത്ത് വയ്ക്കാം. ഡിപ്പാർട്ടുമെന്റ് ശേഖരിച്ച കണക്കാണ്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, ഇന്ന് സ്വാശ്രയ സ്കൂളുകളും കോളേജുകളുമെല്ലാം സേവനം എന്ന നിലയിലല്ല നടക്കുന്നത്. ഈ സ്ഥാപനങ്ങളെല്ലാം അന്യായമായി ഫീസ് ഈടാക്കുന്നു എന്നുള്ള പരാതിയുമുണ്ട്. എനിക്ക് പറയാനുള്ളത് ഈ സ്വാശ്രയ സ്കൂളുകൾക്കും കോളേജുകൾക്കും അനുവാദം നൽകുമ്പോൾത്തന്നെ ഈ മാനേജ്മെന്റുകളുമായി മുദ്രപ്പത്രത്തിൽ ഗവൺമെന്റിന്റെ വ്യവസ്ഥകൾ പൂർണ്ണമായി പാലിച്ചുകൊള്ളാമെന്ന് എഗ്രിമെന്റ് വാങ്ങിയശേഷം എൻ.ഒ.സി. നൽകുവാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. നാലകത്ത് സൂപ്പി : സർ, ഇപ്പോൾത്തന്നെ അവർ അപേക്ഷകൾ നൽകുമ്പോൾ വേണമെന്ന് പറഞ്ഞിട്ടുണ്ട്. അനുഭവത്തിന്റെ വെളിച്ചത്തിൽ അത് കുറച്ചുകൂടി സ്ട്രിക്റ്റായി പാലിക്കപ്പെടണമെന്ന് ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : സർ, ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽത്തന്നെ രേഖാമൂലം നൽകിയ ഉത്തരത്തിലും, അൺ എയ്ഡഡ് സ്കൂളുകളിലെ അധ്യാപക-അധ്യാപകേതര ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ കേരള വിദ്യാഭ്യാസ നിയമത്തിലെ 14 (എ) എ നിബന്ധനയ്ക്ക് വിധേയമാക്കണമെന്ന് പറഞ്ഞിട്ടുണ്ട്. അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിലും പലരും ഇതനുസരിക്കുന്നില്ലായെന്നുള്ളത് എല്ലാപേർക്കും അറിയാവുന്നതാണ്. അതുകൊണ്ട് അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകളിലും കുട്ടികളുടെ ഫീസ് ഈടാക്കുന്നതിലും സംവരണം ഏർപ്പെടുത്തുന്നതിനും എന്തെങ്കിലും നിയന്ത്രണം പ്രത്യേകമായി കൊണ്ടുവരാനും ഈ സർക്കാർ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്ത് സൂപ്പി : സർ, സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഒരു പൊതു നിയമം വേണമെന്ന് പല ഭാഗത്തു നിന്നും അഭിപ്രായം ഉണ്ടായിട്ടുണ്ട്. എൻജിനീയറിംഗ് കോളേജുകൾ, മെഡിക്കൽ കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ എന്നിവയിലൊക്കെ നിയന്ത്രണം വേണമെന്ന് സഭയിൽ പറഞ്ഞു. അതിനനുസരിച്ച് നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളേയും ഇതിന്റെ പരിധിയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നു. മൊത്തത്തിൽ ഈ കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, നമ്മുടെ സംസ്ഥാനത്ത് എസ്.എസ്.എൽ.സി. പാസ്സായ മുഴുവൻ കുട്ടികൾക്കും ഇപ്പോഴും +2 ക്ലാസ്സുകളിൽ അഡ്മിഷൻ കിട്ടുന്നില്ല. അതുകൊണ്ട് അൺ എയ്ഡഡ് മേഖലയിൽ +2 വിദ്യാലയങ്ങൾ അനുവദിച്ചതുകൊണ്ട് നിരവധി വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുകയുണ്ടായി. ഈ അദ്ധ്യയനവർഷവും അൺ എയ്ഡഡ് മേഖലയിൽ +2 വിദ്യാലയങ്ങൾ കൊടുക്കുന്നതിനുവേണ്ടി ഗവൺമെന്റ് ആലോചിക്കുമോ ?

ശ്രീ. നാലകത്ത് സൂപ്പി : സർ, ഈ വർഷവും അൺ എയ്ഡഡ് മേഖലയിൽ +2 വിദ്യാലയങ്ങൾ കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചു. അതനുസരിച്ച് അപേക്ഷ ക്ഷണിച്ചു. 70 അപേക്ഷകളാണ് ഇതിനകം കിട്ടിയിട്ടുള്ളത്. അപേക്ഷകൾ ജില്ലാ കളക്ടർമാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, നമ്മുടെ സംസ്ഥാനത്ത് വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഐ.ടി. വിദ്യാഭ്യാസം പ്രോൽസാഹിപ്പിക്കുന്നതിനും കമ്പ്യൂട്ടർ പരിശീലനത്തിനും വേണ്ടി സ്കൂളുകളിലെ അദ്ധ്യാപകരെയാണ് പ്രത്യേകം പരിശീലനം നൽകി ഇതുവരെ കൊണ്ടുവന്നിരുന്നത്. ഇപ്പോൾ ചില സ്വകാര്യ ഏജൻസികൾ മുഖേന അദ്ധ്യാപകരെ പരിശീലിപ്പിക്കുന്ന നടപടി ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് എയ്ഡഡ്-സർക്കാർ സ്കൂളുകളിൽ ഇത്തരം സംവിധാനമൊരുക്കാൻ തയ്യാറായിട്ടുപോലും സ്വകാര്യ ഏജൻസികളെ ഏൽപ്പിച്ചത് ശരിയാണോ. ഇത് മാറ്റാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. നാലകത്ത് സൂപ്പി : സർ, I.T.@ School പദ്ധതിയുടെ ഭാഗമായി നമ്മുടെ സംസ്ഥാനത്ത് മാസ്റ്റർ ട്രെയിനിമാർ ടീച്ചേഴ്സിനാണ് ട്രെയിനിംഗ് കൊടുക്കുന്നത്, അതുകഴിഞ്ഞ് ട്രെയിനിംഗ് ലഭ്യമായ അദ്ധ്യാപകരാണ് മറ്റ് അദ്ധ്യാപകർക്ക് ഇതു സംബന്ധിച്ച ട്രെയിനിംഗ് കൊടുക്കുന്നത്. അവർ മുഖേനയാണ് കുട്ടികളെ പഠിപ്പിക്കുന്നത്. ഒരു പക്ഷേ അങ്ങ് ഉദ്ദേശിച്ചത് എംപാനൽ ഏജൻസികളെ ഉൾപ്പെടുത്തിയതിനെക്കുറിച്ചായിരിക്കാം. ആ ഏജൻസികൾ വളരെ ഭംഗിയായി ട്രെയിനിംഗ് നടത്തുമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് അനുവാദം കൊടുത്തത്. അതിൽ പല ഏജൻസികളും ഇതിന് തയ്യാറല്ലായെന്നു പറഞ്ഞ് ഒഴിഞ്ഞുമാറിപ്പോയി. ഇന്ന് അത്തരം പദ്ധതികൾ നടപ്പിലാക്കുന്നത് പി.ടി.എ.യും കുടുംബശ്രീ പോലെയുള്ള മറ്റ് ഏജൻസികളുമാണ്. അവിഹിതമായി അത് കൊണ്ടുവന്നതല്ല. ആ രംഗത്ത്

ആളുകളെ കിട്ടിയില്ല എന്ന പരാതിയാണ് ഇപ്പോഴുള്ളത്. നമ്മുടെ സംസ്ഥാനത്ത് പല സർക്കാർ സ്കൂളുകളും ഇതിന് തയ്യാറായിട്ടില്ല. തയ്യാറായ വിദ്യാലയങ്ങളിൽ പി.ടി.എ. ക്ക് ഏൽപ്പിച്ചുകൊടുത്തു. അവിടെ വേറെ ഏജൻസികൾ വേണ്ടായെന്ന് ഗവൺമെന്റ് പറഞ്ഞിട്ടുണ്ട്. ഇതില്ലാത്ത വിദ്യാലയങ്ങളിൽ മാത്രമേ എംപാനൽ ഏജൻസികൾക്ക് പ്രവേശനമുള്ളൂ. ചിലയിടങ്ങളിൽ കുടുംബശ്രീയാണ് നടത്തുന്നത്, പി.ടി.എ. ശക്തമായി നടത്തിയാൽ ഈ പദ്ധതി വിജയിപ്പിക്കാൻ സാധിക്കും.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സ്വാശ്രയ സ്കൂളുകളിൽ ഫീസ് 10 മാസം മാത്രമേ ഈടാക്കുകയുള്ളൂവെന്ന് വ്യക്തമാക്കുകയുണ്ടായി. പക്ഷെ പല സ്കൂളുകളിലും അങ്ങനെയല്ലാതെ ഈടാക്കുന്നുണ്ട് എന്നുള്ള യാഥാർത്ഥ്യം നിലനിൽക്കുകയാണ്. എന്റെ ചോദ്യം ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് സെൻട്രൽ സിലബസ് അനുസരിച്ച് പഠിപ്പിക്കുന്ന വിദ്യാലയങ്ങളുടെ എണ്ണം കൂടിക്കൂടി വരികയാണ്. ആ സ്കൂളുകളിൽ ഇപ്പോൾ 12 മാസവും ഫീസ് വാങ്ങുന്നുണ്ട്. ഈ സ്കൂളുകൾക്ക് എൻ.ഒ.സി. കൊടുക്കുന്നത് നമ്മുടെ സംസ്ഥാന ഗവൺമെന്റാണ്. എൻ.ഒ.സി. കൊടുക്കുന്ന ആ സന്ദർഭത്തിൽ കുട്ടികളിൽ നിന്ന് ഫീസ് വാങ്ങുന്നത് 10 മാസമായി നിജപ്പെടുത്താൻ നിർദ്ദേശം കൊടുക്കാൻ സാധിക്കുമോ ?

ശ്രീ. നാലകത്ത് സൂപ്പി : സർ, 10 മാസമെന്നുള്ളത് എല്ലാ വിദ്യാലയങ്ങൾക്കും പൊതുവായി ബാധകമാണ്. അതിന് വിരുദ്ധമായി സി.ബി.എസ്.ഇ. സിലബസനുസരിച്ച് പഠനം നടത്തുന്ന വിദ്യാലയങ്ങൾ വാങ്ങുന്നുണ്ടെങ്കിൽ ആ കാര്യം പരിശോധിക്കാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇവിടെ അൺ എയ്ഡഡ് സ്കൂളുകളിലെ ഫീസ് എത്ര നിലവാരത്തിൽ നിശ്ചയിച്ചുവെന്ന് പറഞ്ഞാൽപ്പോലും, സ്പെഷ്യൽ ഫീസ് എന്ന ഇനത്തിൽ മറ്റേതെങ്കിലും അമിനിറ്റീസ് എന്ന ഇനത്തിൽ അൺ എയ്ഡഡ് സ്കൂളുകളിൽ ഗവൺമെന്റ് നിശ്ചയിച്ച റേറ്റിനേക്കാൾ അപ്പുറത്തെ ഫീസ് പിരിവ് നടക്കുന്നുണ്ട് എന്നത് സത്യമാണ്. ഗവൺമെന്റ് സ്കൂളിൽനിന്ന് ധാരാളം കുട്ടികൾ അൺ എയ്ഡഡ് സ്കൂളുകളിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. അതുകാരണം അൺ എയ്ഡഡ് സ്കൂളുകളുടെ ശുക്രദശ ഉദിച്ചിരിക്കുന്നു ; അങ്ങനെയുള്ള സാഹചര്യം വന്നിരിക്കുന്നു. ഞാൻ ചോദിക്കുന്നത്, ഈ അൺ എയ്ഡഡ് സ്കൂളുകളുടെ കുതിച്ചുചാട്ടം ഒഴിവാക്കുവാൻ, ഗവൺമെന്റ് സ്കൂളുകളുടെ നിലവാരം വർദ്ധിപ്പിക്കുവാൻ, പൂവർ ടീച്ചിംഗ് ക്വാളിറ്റി ഒഴിവാക്കുവാൻ ഗവൺമെൻറ് സ്കൂളുകളെ കൂടുതൽ സ്ട്രെങ്ത്തൻ ചെയ്യിപ്പിക്കുവാൻ ഇതിന്റെ സ്പീഡപ് ബ്രേക്കർ എന്നുള്ള നിലയിൽ നമുക്ക് എന്ത് നടപടി സ്വീകരിക്കുവാൻ കഴിയും ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്ത് സൂപ്പി : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഗവൺമെന്റ് സ്കൂളുകളുടെ നിലവാരമില്ലായ്മയാണ് ഒരു കാരണം. ഈ കൊല്ലം മുതൽ ഒരു പുതിയ ട്രെന്റ് എന്നുപറയുന്നത്, ഇംഗ്ളീഷ് മീഡിയം സ്കൂളുകളാണ്. ഇംഗ്ളീഷ് മീഡിയം സ്കൂളുകളിൽ കുട്ടികളെ ചേർക്കുന്ന ട്രെന്റാണ് നിലവിലുള്ളത്. അതാണ് സംസ്ഥാനത്ത് വളർന്നുവരുന്നത്. അത് ഗവൺമെന്റ് സ്കൂളുകളിൽക്കൂടി നിലനിർത്തുന്നതിനുവേണ്ടി ഒന്നാം ക്ളാസ് മുതൽ ഈ കൊല്ലം പുതിയതായി ഇംഗ്ളീഷ് പാരലൽ ട്യൂഷൻ അനുവദിക്കുവാൻ തീരുമാനിച്ചു. 5-8 ക്ലാസ്സുകളിൽ രണ്ടിൽക്കൂടുതൽ ഡിവിഷനുണ്ടെങ്കിൽ ഇംഗ്ളീഷിന് പാരലൽ ട്യൂഷൻ അനുവദിക്കുവാൻ തീരുമാനിച്ചു. കഴിഞ്ഞ കൊല്ലം 5-8 ക്ലാസ്സുകളിൽ ഈ സംവിധാനം നടപ്പാക്കിയിരുന്നു. അതിന്റെ അനുഭവം, ഗവൺമെന്റ് സ്കൂളുകളിലേയ്ക്ക് കുട്ടികളെ ആകർഷിക്കുവാനും കുട്ടികളുടെ എണ്ണം കൂട്ടുവാനും, കുട്ടികളെ നിലനിർത്താനും അതുപോലെതന്നെ പ്രൊട്ടക്ഷൻ ഒഴിവാക്കുവാനും സാധിച്ചിട്ടുണ്ട് എന്നതാണ്.

ശ്രീ. കെ. സി. വേണുഗോപാൽ : സർ, ബഹു. കോടിയേരിബാലകൃഷ്ണൻ ഇവിടെ സൂചിപ്പിച്ചു, നമ്മുടെ സംസ്ഥാനത്ത് സ്വാശ്രയ കോളേജുകളിൽ നിയമന കാര്യത്തിൽ വളരെ കുറ്റകരമായ ചില കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ് എന്ന്. പ്രത്യേകിച്ച് പ്രീ-പ്രൈമറി എഡ്യൂക്കേഷൻ ക്ലാസ്സുകളിൽപോലും അഡ്മിഷൻ ഫീസിന്റെ കാര്യത്തിൽ സാധാരണക്കാരന് അങ്ങോട്ടു തിരിഞ്ഞുനോക്കുവാൻ പറ്റാത്ത സാഹചര്യമാണ് വന്നിരിക്കുന്നത്. ഇന്ന് കുട്ടികളുടെ വിദ്യാഭ്യാസം പാവപ്പെട്ടവർക്കുപോലും പ്രധാനപ്പെട്ട കാര്യമാണ്. മാത്രമല്ല യു.കെ.ജി ക്ലാസ്സിൽപോലും പ്രവേശന പരീക്ഷ നടത്തിയാണ് അഡ്മിഷൻ കൊടുക്കുന്നത്. കൊച്ചുകുട്ടികളിൽപോലും ഇങ്ങനെയുള്ള പ്രവേശന പരീക്ഷ നടത്തി സെലക്ട് ചെയ്യുന്നത് സ്കൂളുകളുടെ പ്രസ്റ്റീജാണെന്നുപറയുന്ന പ്രവണത വളരെ മോശമാണ്. അവയെ നിയന്ത്രിക്കുവാൻ കഴിഞ്ഞ നിയമസഭയിൽ ഇതിനായി ഒരു ബില്ല് കൊണ്ടുവരുമെന്ന് പറഞ്ഞു. ഇത്തരം കാര്യങ്ങളിൽ എന്തെങ്കിലും നിയന്ത്രണ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. നാലകത്ത് സൂപ്പി : സർ, ഈ നിയമസഭയിൽ ആ ബില്ല് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. നിയന്ത്രണം ആവശ്യമാണ്. അത് ഗവൺമെന്റിനും മറ്റെല്ലാപേർക്കും ബോദ്ധ്യമാണ് ; ആ കാര്യം പരിശോധിക്കാം.

ശ്രീ. കെ. കെ. ഷാജു : സർ, നേരത്തേ പറഞ്ഞത്, രണ്ട് സ്വാശ്രയ സ്ഥാപനങ്ങൾ ആരംഭിക്കുമ്പോൾ ഒരു സർക്കാർ സ്ഥാപനത്തിന് തുല്യമാകുമെന്നാണ്. ഇപ്പോൾ ഫീസ് വർദ്ധന വന്നതുവഴി അതിന് നേരെ വിപരീത ഫലമല്ലേ ഉണ്ടായിട്ടുള്ളത്; അതുകൊണ്ട് രണ്ട് സ്വകാര്യ ഇൻസ്റ്റിറ്റ്യൂഷൻ ആരംഭിക്കുമ്പോൾ ഒരു ഗവൺമെന്റ് സ്ഥാപനത്തിന് തുല്യമായ രൂപത്തിൽ ഫീസ് ഏകീകരിക്കുവാൻ നിയമംവഴി തന്നെ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്ത് സൂപ്പി : സർ, ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിച്ചത് സെൽഫ് ഫൈനാൻസിംഗ് പ്രൊഫഷണൽ കോളേജുകളെ സംബന്ധിച്ചായിരിക്കാം. ആ കാര്യത്തിൽ ഇന്നു വലിയ ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. ഫീസ് കുറയ്ക്കുന്ന കാര്യം ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. ടി. തോമസ് : സർ, സ്വാശ്രയ സ്കൂളുകളിൽ വർദ്ധിച്ചുവരുന്ന ഒരു തെറ്റായ പ്രവണത ഇൻഡ്യയുടെ മതേതര സങ്കല്പത്തിന് കോട്ടം തട്ടുന്ന രീതിയിൽ അതായത് സ്ഥാപനങ്ങൾ നടത്തുന്ന മാനേജുമെന്റിന്റെ മതപരമായ പഠനത്തിന് വലിയ പ്രാമുഖ്യം നൽകിക്കൊണ്ടിരിക്കുന്നു എന്നതാണ്. അത് അവസാനിപ്പിക്കുവാൻ ശക്തമായ നടപടി സ്വീകരിക്കുമോ, പ്രത്യേകിച്ച് വർഗ്ഗീയ കലാപങ്ങളും മതവിദ്വേഷവും പടർന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ ഒരു പൊതു സ്ഥാപനത്തിൽ ഏതെങ്കിലും ഒരു പ്രത്യേക മതത്തിന്റെ ക്ലാസ് മാത്രം നടത്തുന്ന നടപടി അവസാനിപ്പിക്കുന്നതല്ലേ നല്ലത് ; അത് സംബന്ധിച്ച് ഗവൺമെന്റ് നിലപാട് എന്താണ് ?

ശ്രീ. നാലകത്ത് സൂപ്പി : സർ, ഗവൺമെന്റിന് ആ കാര്യത്തിൽ നടപടി എടുക്കുവാൻ വിരോധമില്ല. അതിന് എല്ലാ ആളുകളുടെയും പിന്തുണ ആവശ്യമാണ്. വളരെ സ്ട്രോങ്ങായിട്ടുള്ള നടപടിയാണ് എടുക്കേണ്ടിയിരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച രീതിയിൽ സംഗതി നടന്നുകൊണ്ടിരിക്കുന്നു എന്നത് ഗവൺമെന്റിന് ബോധ്യമായി.

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, മുമ്പൊക്കെ വിദ്യാഭ്യാസത്തെ പറ്റിയുള്ള ഒരു രൂപരേഖ പെട്ടെന്നു പറയുവാൻ കഴിയും. പ്രൈമറി സ്കൂൾ, മിഡിൽ സ്കൂൾ, ഹൈസ്ക്കൂൾ, കോളേജ് വിദ്യാഭ്യാസം എന്നൊക്കെ. ഇങ്ങനെ ഒരു വ്യക്തത ഇന്ന് ഇല്ലാത്തതുകൊണ്ട് പലരേയും പറഞ്ഞു ബോധ്യപ്പെടുത്താൻ കഴിയില്ല. ഏതെല്ലാം സ്കൂളുകളിൽ ഏതെല്ലാം രീതിയിലുള്ള വിദ്യാഭ്യാസം നിലവിലുണ്ട് എന്നത് ഇവിടത്തെ വിദ്യാഭ്യാസമുള്ള പൗരന്മാരെ ബോധ്യപ്പെടുത്താൻ കഴിയുന്ന രീതിയിൽ ഒരു നീക്കം ഉണ്ടാകുന്നത് നല്ലതാണ് എന്നാണ് എന്റെ വിശ്വാസം. ബഹുമാനപ്പെട്ട മന്ത്രി അതിന് സഹായിക്കുമോ ?

ശ്രീ. നാലകത്ത് സൂപ്പി : സർ, ആ കാര്യത്തിൽ പ്രത്യേകിച്ച് സഹായമൊന്നും വേണ്ട. സംസ്ഥാന വിദ്യാഭ്യാസം-പ്രൈമറി, എയ്ഡഡ്, സെക്കന്ററി അതുപോലെ കോളേജുതലത്തിലുള്ള വിദ്യാഭ്യാസം-എയ്ഡഡ്, അൺ എയ്ഡഡ്, പ്രൊഫഷണൽ കോളേജുകൾ, ടെക്നിക്കൽ സ്ഥാപനങ്ങൾ ഇവ സംബന്ധിച്ച എല്ലാ വിശദമായ വിവരങ്ങളും എല്ലാവർക്കും ലഭ്യമാണ്. അതിന്റെ സ്റ്റാറ്റിസ്റ്റിക്സ് തന്നെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർമാരുടെ അറിവിലേയ്ക്കുവേണ്ടി നിയമസഭാ ലൈബ്രറിയിൽ അതിന്റെ കോപ്പി വച്ചിട്ടുണ്ട്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ബഹുമാനപ്പെട്ട മന്ത്രി ഉത്തരം പറഞ്ഞപ്പോൾ 1400-ലധികം അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകൾ ഉണ്ടെന്നുപറഞ്ഞു. ഇവിടെ പഠിക്കുന്ന കുട്ടികൾക്ക് എങ്ങനെ ഫീസ് കൊടുക്കുവാൻ കഴിയും; ഈ കാര്യം ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ ? ഒന്നുകിൽ അവയ്ക്ക് അംഗീകാരം കൊടുക്കുക അല്ലെങ്കിൽ മറ്റെന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുക, ഇത് സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുമോ ?

ശ്രീ. നാലകത്ത് സൂപ്പി : സർ, ഇത്തരം വിദ്യാലയങ്ങളിൽ നന്നായി നടക്കുന്ന വിദ്യാലയങ്ങൾ തെരഞ്ഞെടുത്ത് അവയിൽ ചിലതിന് അംഗീകാരം കൊടുക്കണമെന്ന് ഗവൺമെന്റ് ഉദ്ദേശിക്കുന്നു. അതിന്റെ ലിസ്റ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഫീസ് കൊടുക്കുവാൻ തയ്യാറാണെന്നുള്ളതുകൊണ്ടാണ് ഇത്തരം വിദ്യാലയങ്ങളിൽ രക്ഷകർത്താക്കൾ കുട്ടികളെ ചേർക്കുന്നത്. ഫീസ് നിയന്ത്രിക്കുക എന്നത് നേരത്തേ പറഞ്ഞതിന്റെ ഭാഗമാണ്. ആ കാര്യത്തിൽ പൊതുവായ ഒരു ധാരണയിൽ നമ്മൾ എത്തേണ്ടതുണ്ട്.

ഗവൺമെന്റ് എൻജിനീയറിംഗ് കോളേജുകളിലെ സീറ്റുകൾ

2 (*269) ശ്രീ. രാജു എബ്രഹാം :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗവൺമെന്റ് എൻജിനീയറിംഗ് കോളേജുകളിലെ സീറ്റുകളിൽ ഈ വർഷം കുറവ് വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്ത് ;

(ബി) നിലവിലുണ്ടായിരുന്ന സീറ്റുകളിൽ കുറവ് വരുത്തണമെന്ന് എ.ഐ.സി.ടി.ഇ. ആവശ്യപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം കോളേജുകളിൽ എത്ര സീറ്റ് വീതം ;

(സി) ഗവൺമെന്റ് എൻജിനീയറിംഗ് കോളേജുകൾക്ക് നിർണ്ണയിച്ചിട്ടുള്ള ഭൗതിക സാഹചര്യങ്ങൾ പൂർത്തിയാക്കാത്ത കോളേജുകൾ ഏവ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ,

(എ) കുറവ് വരുത്തിയിട്ടില്ല.

(ബി) ഉണ്ട്. തിരുവനന്തപുരം ബാർട്ടൻഹിൽ എഞ്ചിനീയറിംഗ് കോളേജിൽ 60 സീറ്റുകൾ വീതമായിരുന്നു. ഇതിൽ, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി, മെക്കാനിക്കൽ എഞ്ചിനീയറിംഗ് എന്നീ ബ്രാഞ്ചുകളിൽ സീറ്റുകളുടെ എണ്ണം യഥാക്രമം 30-30-30 എന്നിങ്ങനെ മാറ്റിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly